# ക്രിസ്തുമസ് ആഘോഷിക്കേണ്ടത് ഇങ്ങനെയോ?

വി.കെ.ഡേവിസ്

"ക്രിസ്തുമസ് എന്നുകേൾക്കുമ്പോൾ എന്റെ മനസിൽ തെളിയുന്നത് ഒരു കൈയിൽ മദ്യവും മറുകൈയിൽ ഇറച്ചിപ്പാത്രവുമായി നില്ക്കുന്ന ക്രിസ്ത്യാനിയെയാണ്" എന്ന് ഒരു ചിന്തകൻ പറയുകയുണ്ടായി. ക്രിസ്തുമസ് ആഘോഷങ്ങൾക്ക് ഒരു മാറ്റം വരേണ്ടിയിരിക്കുന്നു.

മദ്യപാനോത്സവത്തിന്റെ രീതിയിലല്ല, മറിച്ച് കേരളീയ ഭവനങ്ങളിൽ പിറന്നാൾ ആഘോഷിക്കുന്ന രീതിയിലാണ് ക്രിസ്തുമസ് ആഘോഷിക്കപ്പെടേണ്ടത് എന്ന് തോന്നുന്നു.

ഭൂമികണ്ട ഏറ്റവും ദയാലുവും കാരുണ്യവാനുമായ മനുഷ്യന്റെ പിറന്നാളിന്, മനുഷ്യന്റെ മാത്രമല്ല കുഞ്ഞാടുകളുടെയും രക്ഷകനായ ആ



നല്ല ഇടയന്റെ പിറന്നാളിന്, ലോകത്തിലെമ്പാടുമായി കോടാനുകോടി ആടുമാടുകളും പക്ഷികളും കാരുണ്യലേശമന്യേ കൊല്ലപ്പെടുന്നത് എങ്ങിനെയാണ് ശരിയാവുക? തങ്ങളുടേതല്ലാത്ത കാരണത്താൽ, നല്ലവനായ ഇടയന്റെ തിരുപ്പിറവിയുടെ ഓർമ പുതുക്കപ്പെടുന്നു എന്ന ഒറ്റക്കാരണത്താൽ, കഴുത്തിൽ കത്തിവീഴുന്ന സന്ദർഭത്തിൽ ഈ കോടാനുകോടി മൂകജീവികളെല്ലാം 'കർത്താവേ...' എന്നുവിളിക്കുന്നുണ്ടാവില്ലേ ? ലോകത്തിന്റെ ഓരോ മുക്കിലും മൂലയിലുംനിന്നും ഉയർന്ന് പെരുമഴപോലെ തന്നെ വന്നുപൊതിയുന്ന ഈ ഗദ്ഗദ വർഷത്തിനിടയിലിരുന്നുകൊണ്ട് ദയാമയനായ ആ ആത്മാവ് എങ്ങിനെയാണ് കുടിച്ചും വലിച്ചും തന്റെ പിറന്നാളാഘോഷിക്കുന്ന മനുഷ്യരുടെ മേൽ അനുഗ്രഹം ചൊരിയുക?

നിങ്ങൾക്കു നിരത്താനാവുന്ന ആയിരം കാരണങ്ങളുണ്ടായേക്കാം. പക്ഷേ, അവയെല്ലാം ഒന്നുചേർന്നാൽപോലും ജീവൻ നഷ്ടപ്പെടുന്ന ഒരു കുഞ്ഞാടിന്റെ കരച്ചിലിനുപോലും സമാധാനമുണ്ടാവുമോ?

രക്ഷകന്റെ പിറവിയിലൂടെ നാം കൈമാറുന്നത് പ്രത്യാശയുടെ സുവിശേഷമാണ്. ഒരുമയുടെയും സാഹോദര്യത്തിന്റെയും നിലാവുവീഴേണ്ട ക്രിസ്തുമസ് ആഘോഷവേളകൾ അവനവന്റെ പണത്തിനും പ്രതാപത്തിനും യോജിച്ച രീതിയിൽ കേക്കും നക്ഷത്രവും മദ്യവും മാംസവും വാങ്ങി ഉപയോഗിക്കുന്ന സ്വാർത്ഥതയുടെ പൊങ്ങച്ചപെരുന്നാളുകളാകാൻ പാടില്ലാത്തതാണ്.

ഓണത്തിന്റെ പൂക്കളംപോലെയല്ല ക്രിസ്തുമസിന്റെ പുൽക്കൂട്. പുൽക്കൂട് മത്സരം നിർത്തപ്പെടേണ്ടതാണ്. കാലിത്തൊഴുത്തിനേക്കാൾ മോശപ്പെട്ട കുടിലുകളിൽ നമ്മുടെ സഹോദരങ്ങളുറങ്ങുമ്പോൾ, പുൽക്കൂടുമത്സരങ്ങളിൽ ജയിക്കാനായി ആയിരങ്ങൾ മുടക്കി പുൽക്കൂടുണ്ടാക്കുന്ന ധനാഢ്യന്റെ ധാർഷ്ട്യത്തിന് സഭയെന്തിന് കൂട്ടുനില്ക്കണം.

തിരുപ്പിറവി ആഘോഷവേളകളെങ്കിലും പണക്കാരന്റെയും പാപിയുടെയും മടിശീലകളിൽനിന്നും മുക്തമാക്കപ്പെടേണ്ടതുണ്ട്.